സംസ്ഥാന വൈദ്യുതി ബോർഡിനോട് അഭ്യർത്ഥിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതി

39 (3139) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം 2005-06 മുതൽ 2014-15 വരെ ഓരോ വർഷവും തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വെള്ളത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തിൽ PAP കരാർ പ്രകാരം കേരളത്തിന് ലഭിച്ച വെള്ളമെത്ര; ഈ ജലവർഷത്തിന് ഇനി ലഭിക്കുമെന്ന് ഉറപ്പുള്ള വെള്ളമെത്ര;

(സി) 2005-06 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിലെ വാട്ടർ അക്കൗണ്ട്സ് (PAP) ലഭ്യമാക്കാമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) പ്രകാരം 2005-06 ജലവർഷം മുതൽ 2014-15 ജലവർഷം വരെ കേരളത്തിന് ഓരോ ജലവർഷവും ലഭിച്ച ജലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നിലെ പട്ടികയിൽ (പട്ടിക ഒന്ന്)* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, ഇണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ച കണക്കാക്കി 16500 എം.സി.എഫ്.റ്റി.ക്ക് അധികമായി വന്ന 695 എം.സി.എഫ്.റ്റി. ജലം 2005-06 ജലവർഷത്തിലും 2500 എം.സി.എഫ്.റ്റി. ജലം 2007-08 ജലവർഷത്തിലും കേരളത്തിന് അർഹതപ്പെട്ടതായി. ഇത് തുടർന്നുള്ള ജലവർഷങ്ങളിൽ കേരളത്തിന് മണക്കടവ് വിയറിൽ; അനുബന്ധം രണ്ടായി ചേർത്തിട്ടുള്ള പട്ടികയിൽ (പട്ടിക രണ്ട്)* സൂചിപ്പിച്ചിട്ടുള്ള വിധം ഗഡുക്കളായി ലഭിച്ചുവരുന്നു.

(ബി) നടപ്പ് ജലവർഷ(2015-16)ത്തിൽ 15-2-2016 വരെ 5135 എം.സി.എഫ്.റ്റി. ജലം മണക്കടവ് വിയറിൽ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 2115 എം.സി.എഫ്.റ്റി. ജലം 2016 ജൂൺ 30 വരെയുള്ള കാലയളവിൽ തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിലെ തീരുമാനമനുസരിച്ച് 2000 എം.സി.എഫ്.റ്റി. ജലം മാർച്ച് 31 വരെയുള്ള കാലഘട്ടത്തിൽ തമിഴ്നാട് ലഭ്യമാക്കുന്നതാണ്. ചാലക്കുടി നദീതടത്തിൽനിന്നും ഓരോ ജലവർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. നടപ്പ് ജലവർഷ (2015-16) ത്തിൽ 15-2-2016 വരെ 5856.94 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാറിൽ വൈദ്യുതോല്പാദനത്തിനുശേഷം പെരിങ്ങൽക്കുത്തിലേയ്ക്ക് ഒഴുക്കിവിട്ടിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായ 3849 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാർ റിസർവോയറിൽ ലഭ്യമാണ്. ശേഷിക്കുന്ന 2594.06 എം.സി.എഫ്.റ്റി. ജലം 2016 ജൂൺ 30 വരെയുള്ള കാലയളവിൽ ലഭ്യമാക്കേണ്ടതാണ്. (Own catchment yield+Tamil Nadu release) കേരള ഷോളയാറിലേയ്ക്ക് ലഭ്യമായിട്ടുള്ള ജലം എത്തിക്കാമെന്നും ഈ കാലയളവിൽ പവർഹൗസ് 1 പ്രവർത്തിപ്പിച്ച് ജലം പറമ്പിക്കുളത്തേക്ക് കൊണ്ടുപോവുകയില്ലെന്നും ഒടുവിൽ കൂടിയ സംയുക്ത ജല ക്രമീകരണ യോഗത്തിൽ തമിഴ്നാട് അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള ജലവിഹിതം നിർബന്ധമായും ലഭ്യമാക്കണമെന്ന് 19-1-2016-ൽ കൂടിയ 96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ കേരളം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽനിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തിരിച്ചുവിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. നടപ്പ് ജലവർഷ(2015-16)ത്തിൽ 1131.49 എം.സി.എഫ്.റ്റി. ജലം ഇത്തരത്തിൽ കേരളത്തിന് ലഭ്യമായിട്ടുണ്ട്.

(സി) 2005-06 ജലവർഷം മുതൽ 2014-15 ജലവർഷം വരെയുള്ള കാലയളവിലെ പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.)യുടെ Water Accounts-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം മൂന്ന് മുതൽ പന്ത്രണ്ടുവരെ)*

വിലസ്ഥിരതാ ഫണ്ട്

40 (T*3140) ശ്രീ. എ. കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലസ്ഥിരതാ ഫണ്ടിൽ നിന്ന് ഇതുവരെ എത്ര ഇക റബ്ബർ കർഷകർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly